## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 730 — 27/04/2017-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്തെ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് കന്നുകുട്ടികൾക്കുള്ള തീറ്റയും, മിൽമ തീറ്റയും ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്<br><br>കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കെ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.<br>അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചു കൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ |

ലാഭ വിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്.ഇതു കൂടാതെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും കന്നുക്കുട്ടി തീറ്റയ്ക്കുള്ള ഇൻഡന്റുകളും ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലഭിയ്ക്കുന്ന ഇൻഡന്റുകളും സമയബന്ധിതമായി മിൽമ വിതരണം ചെയ്യുന്നു. മിൽമയുടെ കീഴിൽ 300 ടൺ പ്രതിദിന ഉൽപാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റി ഫാക്ടറികൾ ആലപ്പുഴ ജില്ലയിൽ പട്ടണക്കാടും പാലക്കാട് ജില്ലയിൽ മലമ്പുഴയിലും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റ വിപണിയിലെ ആവശ്യകത നിലനിർത്തുന്നതിനു തികയാതെ വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി പാട്ട വ്യവസ്ഥയിൽ കാലിത്തീറ്റ ഉൽപാദനം ക്രമീകരിച്ചും വിതരണം ചെയ്തു വരുന്നു.

(ബി) കെ.എൽ.ഡി.ബോർഡ് വിതരണം ചെയ്യുന്ന സെമന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെ.എൽ .ഡി) ബോർഡ് നിലവിൽ വിതരണം ചെയ്യുന്ന സെമെന്റെ നിരവധി ഗുണപരിശോധനകൾ നടത്തി, ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷമാണ് വിതരണം നടത്തുന്നത്. ഇതിന്റെ ഗുണനിലവാരം നിരന്തരം പരിശോധിക്കുന്നതാണ്. കൂടാതെ ജനിതകമേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് വിതരണം നടത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "*Risk Management and Insurance*" എന്ന ഘടകത്തിൽ 104.28 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാന വിഹിതം 69.52 ലക്ഷം രൂപ കൂടി

ലഭ്യമാക്കി മൊത്തം 173.8 ലക്ഷം അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നല്കി കന്നുകാലികൾക്ക് സംരക്ഷണം നൽകുന്നതിനും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. 2017-2018 ബഡ്ജറ്റിൽ സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. .

| | |
|---|---|
| (ഡി) ക്ഷീര കർഷക പെൻഷൻ എത്രമാസത്തേത് കുടിശ്ശികയുണ്ട്; ഇത് എന്ന് കൊടുത്തുതീർക്കും എന്നറിയിക്കാമോ ? | (ഡി) ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്ന പെൻഷൻ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് കുടിശ്ശികയില്ലാതെ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.